ശ്രീ. ടി. വി. തോമസ്: ഇല്ല. കേരള സിറാമിക്സിൽ ഉള്ളവർതന്നെ ചെയ്യുകയാണ്.

ശ്രീ. എ. വി. ആര്യൻ: പൊതുമേഖലാ സ്ഥാപനങ്ങളെല്ലാംതന്നെ നഷ്ടത്തിലാണെന്ന വരുത്തിക്കൊണ്ട് പ്രൈവറ്റ് മേഖലയിലേക്ക് ഇതെല്ലാം കൈമാറാം ചെയ്യുന്നതിന് അഖിലേൻഡ്യാടിസ്ഥാനത്തിൽത്തന്നെ ഗൂഢാലോചന നടക്കുന്നു എന്ന മനസ്സിലാക്കിക്കൊണ്ട്, ഇങ്ങനെ പ്രൈവറ്റ് മേഖലയിലേക്ക കൊണ്ടുപോകുന്ന ആളുകളെ അതിൽനിന്ന മാറ്റിയിട്ട് പൊതുമേഖലാ സ്ഥാപനങ്ങളം ലാഭകരമായി നടത്താൻ സാധിക്കുമെന്ന വിശ്വസിക്കുന്ന ആളുകളെ മാനേജ്മെൻറിൽ നിയമിക്കാൻ തയ്യാറാകുമോ?

Deputy Speaker: It is a Question of Policy.

ശ്രീ. എൻ. കെ. ശേഷൻ: മറെറല്ലാ സ്ഥാപനങ്ങളംക്കും ഉള്ളതുപോലെ ആകർഷകമായ സാധനങ്ങളം കിട്ടുമെന്നറപ്പു വരുത്താൻ ഒരു കപാളിറ്റി കൺട്രോളം ഏർപ്പെടുത്താനുള്ള ആലോചനയുണ്ടോ; ഇപ്പോളംതന്നെ വല്ല മാറ്റവും ഉണ്ടോ; അതിൻെറ സ്വഭാവമെന്താണ്?

ശ്രീ. ടി. വി. തോമസ്: ഒരു കമേർഷ്യൽ മാനേജർ ഇല്ല, അതുപോലെ ഇൻവെൻററി കൺട്രോളം, കപാളിറ്റി കൺട്രോളം ഇതൊന്നം സിറാമിക്സിൽ ഇല്ല. പ്രാഥമികാവശ്യത്തിനുവേണ്ട സ്റ്റാഫ് പോലും അവിടെയില്ല. ഇതൊക്കെ ഏർപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇൻവെൻററി കൺട്രോളംപോലുമില്ലാത്ത ഒരു സ്ഥാപനം ലാഭകരമായി നടക്കുമെന്ന് ആർക്കെങ്കിലും പ്രതീക്ഷിക്കാൻ ഒക്കുമോ? അതുപോലും ഇല്ലാതിരിക്കുകയാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ഗവണ്മെൻറുടമയിലുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങളം കൂടുതൽ ആദായകരമായി വില്പനയ്ക്കുവേണ്ടിയുള്ള പരിശ്രമത്തിൽ ചിലപ്പോഴെല്ലാം അത് അഴിമതിയാണെന്നുള്ള വിധത്തിൽ വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സംശയം പ്രകടിപ്പിക്കുകയുണ്ടായി. എങ്കിൽതന്നെയും ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഏതു തരത്തിൽ ആദായകരമാക്കിത്തീർക്കാമെന്നുള്ളതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട ചെയ്യുന്നതിനു ഒരു പഠനസംഘത്തെ നിയമിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. ടി. വി. തോമസ്: പ്രൊഡക്ഷൻസൈഡിനെപ്പററി മുമ്പ് അംഗീകരിച്ചിട്ടുള്ള വിദഗ്ധമായ റിപ്പോർട്ടുണ്ട്. അത് പഠിച്ചുകൊണ്ടിരിക്കുകയാണ്. ചില സ്ഥലത്തു നടപ്പിലായിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഷെയർ കാൺടിബ്യൂഷൻ ഉണ്ടെന്നു പറഞ്ഞു. ഇതുകൂടാതെ കുറെ ലക്ഷം രൂപ കടമായി എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇത് വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയാണോ അതോ ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെൻറിനുവേണ്ടിയാണോ?

ശ്രീ. ടി. വി. തോമസ്: വർക്കിംഗ് ക്യാപ്പിറ്റലിനുവേണ്ടിയാണ് ലോണെടുത്തിരിക്കുന്നത്.

ഇൻഡസ്ട്രീസ് കോ-ഓപ്പറേറീവ് സൊസൈറ്റികൾ

* 223 [809] ശ്രീ. എ. വി. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആവശ്യമായ ധനസഹായം നൽകാത്തതിന്റെ ഫലമായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറീവ് സൊസൈറ്റികളുടെ പ്രവർത്തനം തടസ്സപ്പെടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരിവെള്ളൂർ ശശി വീവിംഗ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറീവ് സൊസൈറ്റിയിലെ തൊഴിലാളികൾ ഗവണ്മെൻറിനു സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി എടുത്തുവെന്നു വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ, അനുകൂലമായ നടപടി അടിയന്തരമായും എടുക്കുമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ട്.

(ബി), (സി) 10,000 രൂപ ഗവണ്മെൻറിൽ നിന്നും കൊടുത്തതിനു ശേഷം 15,000 രൂപ ഗ്രാൻറും 15,000 രൂപ ലോണും ആവശ്യപ്പെട്ടിരിക്കുകയാണ് നേരത്തെ കൊടുത്ത പണം ശരിക്കും ഉപയോഗിച്ചിട്ടുണ്ടോ എന്നും മറ്റും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു സംഘങ്ങൾക്കു റിസർവ്വ് ബാങ്കിൽ നിന്നും കിട്ടുന്നതുപോലെയുള്ള സഹായം ഈ സംഘത്തിനും ലഭ്യമാകുമോ, എന്നൊക്കെ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. വി. കുഞ്ഞമ്പു: സ്വകാര്യഉടമയിലായിരുന്ന ഈ വ്യവസായ സ്ഥാപനം ഗവണ്മെൻറ് ഏറ്റെടുക്കുന്ന അവസരത്തിൽ നൂറിൽപരം തൊഴിലാളികൾ അവിടെ വേലയെടുത്തിരുന്നു. ഇപ്പോൾ വളരെ കുറച്ചുപേർക്കു മാത്രമേ ജോലി ലഭിക്കുന്നുള്ളു എന്നുള്ളതുകൊണ്ട് ബാക്കിയുള്ളവർക്കുകൂടി ജോലി ലഭിക്കത്തക്കവിധത്തിൽ ആവശ്യമായ നടപടികളെടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. വി തോമസ്: ഇതിനെപ്പറ്റി വളരെ കാര്യമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു സംഘങ്ങൾക്കു റിസർവ്വുബാങ്കിൽ നിന്നും സഹായം കിട്ടുന്നുണ്ട്. സഹകരണമേഖലയിലുള്ള കൈത്തറി റിസർവ്വ് ബാങ്കിന്റെ സ്റ്റീമിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഗവണ്മെൻറു നേരിട്ടു സഹായിക്കണമെങ്കിൽ ചില കാര്യങ്ങളെല്ലാം തീരുമാനിക്കണം. ശശി, റോയൽ ഇതുപോലെ ഭംഗിയായി പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനത്തിന്റെ കാര്യത്തിൽ ഗവണ്മെൻറ് കാര്യമായി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഒലവക്കോട് മെറ്റൽ ഇൻഡസ്ട്രീസിനു സ്റ്റീൽകപാട്ടാ കൊടുക്കാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം ശരിക്കു നടക്കുന്നില്ലെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: കോഴിക്കോട് മില്ലിനു ബില്ലറ്റു കിട്ടാത്തതുകൊണ്ട് കുഴപ്പമുണ്ടെന്നറിയാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇൻഡസ്ട്രിയൽ സഹകരണസംഘങ്ങൾ ലാഭകരമായി നടക്കണമെങ്കിൽ നൂറു തറി എങ്കിലും വക്കുചെയ്യണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെ നൂറു തറി ഇല്ലാത്ത സംഘങ്ങളെ സംബന്ധിച്ചിടത്തോളം അത്രയും എണ്ണം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. വി. തോമസ്: ഇനി പുതുതായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ (കൈത്തറി മേഖലയിൽ) നൂറു തറി എങ്കിലും വേണം: എങ്കിലേ ലാഭകരമായി നടക്കുകയുള്ളൂ എന്ന തത്വം അംഗീകരിച്ചിട്ടുണ്ട്. എന്നാലും അതിനുമുമ്പു സംഘടിപ്പിച്ചിട്ടുള്ള സൊസൈറ്റികൾക്കു നൂറു തറി വാങ്ങി പ്രവർത്തിക്കുവാനുള്ള സൗകര്യം കൊടുക്കാൻ ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് ആ സ്കീം കാലക്രമേണ നടപ്പിലാക്കാനാണ് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ, ബാലകൃഷ്ണൻ: റിസവ്വ് ബാങ്കിൽനിന്നും വ്യവസായ സഹകരണസംഘങ്ങൾക്ക് യഥാവസരത്തിൽ ലോൺ കിട്ടത്തക്കവണ്ണം സ്റ്റേറ്റ് സഹകരണ ബാങ്കിനോടും ജില്ലാസഹകരണ ബാങ്കുകളോടും അനുബന്ധിച്ച് ഓരോ കൈത്തറിവിംഗ് ഏർപ്പെടുത്തണമെന്ന റിസവ്വ് ബാങ്ക് നിദ്ദേശത്തെ നടപ്പിലാക്കാത്തതുകൊണ്ട് ലോൺ കിട്ടാൻ വിഷമമുണ്ടെന്നുള്ളതു പരിഗണിച്ച് അടിയന്തരമായും ഇതു നടപ്പിലാക്കി ഈ സഹകരണസംഘങ്ങൾക്ക് റിസവ്വ് ബാങ്കിൽനിന്നും കൂടുതൽ സഹായങ്ങളും ലഭിക്കാൻ അവസരമുണ്ടാക്കുമോ ?

ശ്രീ. ടി. വി. തോമസ്: സഹകരണബാങ്കുകളിൽ കൈത്തറിവിംഗ് സംഘടിപ്പിക്കണമെന്നുള്ള നിദ്ദേശം ഉണ്ടെന്നു ഞാൻ ആദ്യമായി കേൾക്കുകയാണ്. അതൊരു നല്ല നിദ്ദേശമാണ്. അങ്ങനെയൊന്നുണ്ടെങ്കിൽ തീച്ചയായും നടപ്പിലാക്കാം.

ശ്രീ. വി. വി. ദക്ഷിണാമൂത്തി: സംസ്ഥാനത്തു് എത്ര ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവു് സൊസൈറ്റികളും പൂട്ടിക്കിടക്കുന്നുണ്ടെന്നു പറയാമോ ?

ഡെ.സ്പീക്കർ: അതിനു് നോട്ടീസില്ലെങ്കിൽ എങ്ങനെയാണു്.?

ശ്രീ. വി. വി. ദക്ഷിണാമൂത്തി: പൂട്ടിക്കിടക്കുന്ന ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവു് സൊസൈറ്റികളിലെ യന്ത്രങ്ങളും തുരുമ്പുപിടിച്ചു പോകുന്നതുകൊണ്ട് ഇത്തരം സൊസൈറ്റികളും അടിയന്തിരമായും പുനരുദ്ധരിക്കുവാൻ നടപടികളെടുക്കുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. വി. തോമസ്: ഇതിനെ സംബന്ധിച്ച് ഒരു പ്രത്യേക ചോദ്യം ഇന്നുതന്നെ വരുന്നുണ്ട്. അപ്പോഴും മറുപടി പറയാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഞാൻ ചോദിച്ചതു് ഒലവക്കോട്....

ഡെ. സ്പീക്കർ: ഈ ചോദ്യവുമായി ബന്ധപ്പെടാത്ത ചോദ്യം ചോദിച്ചാൽ ബഹുമാനപ്പെട്ട മന്ത്രി എങ്ങനെ മറുപടി പറയും.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ : രണ്ടുകൊല്ലമായി പൂട്ടിക്കിടക്കുന്നതായ നാരാട്ട് പ്രീമിയർ വീവിംഗ് കോ-ഓപ്പറേറ്റീവു് സൊസൈറ്റി അതു സംഘടിപ്പിച്ച തൊഴിലാളികളും ഏറെറടുക്കാൻ തയ്യാറാണെന്നു വന്നാൽ അതിനാവശ്യമായിട്ടുള്ള എല്ലാ സഹായങ്ങളും ഗവണ്മെൻറു ചെയ്തു കൊടുക്കുമോ ?

ഡെ. സ്പീക്കർ; നിവേദനത്തിന്റെ രൂപത്തിൽ ചോദിക്കുന്നതു ശരിയല്ല.

തണ്ണീർമുക്കം പ്രോജക്റ്റിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതി

* 224 [810] ശ്രീ. പാലൊളി മുഹമ്മദുകുട്ടി:
,, ഇ. പി. കൃഷ്ണൻനമ്പ്യാർ:
,, പി. കുഞ്ഞൻ:
,, എൻ. വാസുദേവൻപിള്ള:
,, കെ. ഐ. രാജൻ:
,, എ. എസ് എൻ. നമ്പീശൻ:
,, എം. സദാശിവൻ:
,, മുസ്തഫാ കെമാൽ:
,, ആർ. കൃഷ്ണൻ, (പാലക്കാട്):
,, വി. വി. ദക്ഷിണാമൂത്തി:
,, ടി. എം. മീതിയൻ:
,, സി. ബി, ചന്ദ്രശേഖരവാര്യർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ: